കേസ്സിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 9967 വാഹനങ്ങൾ ലേലം ചെയ്തുവഴി 5,32,90,763 (അഞ്ചുകോടി മുപ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി അറുപത്തിമൂന്ന് രൂപ) ലഭിച്ചിട്ടുണ്ട്.

(എഫ്) 23693 വിവിധതരം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ സൂക്ഷിച്ചുവരുന്നുണ്ട്. ഇവയിൽ അവകാശികൾ ഇല്ലാത്തതും കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊലപാതക കേസ്സുകൾ

137 (3244) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ; ഇതിലെ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 1722 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിലെ കൺവിക്ഷൻ റേറ്റ് 60.51 ആണ്.

കാണാതായ കുട്ടികൾ

138 (3245) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ നാളിതുവരെ പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുള്ള എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly